"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സംയോജിത കൃഷി പ്രോജക്റ്റുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയി നിയമിക്കുന്നതിന് അനുമതി നൽകിയും ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (പി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1049/2022/AGRI തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:- 1 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/08/2022 തീയതിയിലെ ADFW/2987/2022/TP2 നമ്പർ സർക്കുലർ

2 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.11.2022 ലെ ADFW/12154/2022-TP4 നമ്പർ കത്ത്

## ഉത്തരവ്

1) മണ്ണിനും മനുഷ്യനും പരിസ്ഥിതി ആവാസവ്യവസ്ഥക്കും അനുഗുണമായ ഒരു കൃഷി രീതിയാണ് സംയോജിതകൃഷി. വിവിധ കാർഷികരീതികളുടെ സംയുക്ത സംരംഭങ്ങളാണിവ. ഒരു യൂണിറ്റ് കൃഷിയിടത്തിൽനിന്നു മെച്ചപ്പെട്ട ആദായം ഇതുവഴി ലഭ്യമാക്കാൻ കഴിയും എന്നതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത. നെൽകൃഷി, സമ്മിശ്ര കൃഷി, തെങ്ങ്, കുരുമുളക്, കവുങ്ങ് പഴവർഗങ്ങൾ, പച്ചക്കറികൾ, കിഴങ്ങു വർഗങ്ങൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങി ഒട്ടുമിക്ക ഇടവിളകളും കൃഷിസ്ഥലത്തിനനുസരിച്ച് നട്ടു പരിപാലിക്കുക, പശു, ആട്, കോഴി, താറാവ് മുയൽ, മൽസ്യം വളർത്തൽ, എമു, എരുമ,തേനിച്ച വളർത്തൽ എന്നിവയിൽ സാധ്യമായ മൃഗസംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ, കൂൺ കൃഷിയും സൗകര്യപ്രദമായ രീതിയിൽ സംയോജിപ്പിക്കാം. ഒരു ഘടകം മറ്റൊരു ഘടകത്തിന് ആശ്രയമോ പിന്തുണയും ആകുന്നതാണ് ഈ കൃഷിരീതികൾ. കർഷക വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയോജിത കൃഷിക്കായി വിവിധ പ്രോജക്റ്റുകൾ ആവിഷ്കരിച്ചു വരുന്നുണ്ട്.

2) ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തലശ്ശേരി ബ്ലോക്കിൽ നടന്ന കൃഷിദർശൻ പരിപാടിയോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുമായി നടന്ന കൂടിക്കാഴ്ചയിൽ ഇത്തരം

ഉല്പാദന മേഖലയിലെ പ്രൊജക്ടുകൾ നിർവഹിക്കുന്നതിന് കൃഷി ഓഫീസർമാരെ ചുമതലപ്പെടുത്തണമെന്നു ആവശ്യമുയരുകയുണ്ടായി.

3) ഇതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി പ്രസ്തുത പ്രൊപ്പോസലിൽ സംയോജിത കൃഷി പ്രൊജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവഹണ ഉദ്യോഗസ്ഥർ ആയി നിയമിക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജിത കൃഷി പ്രോജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. സംയോജിത കൃഷി പ്രോജക്ടുകൾ നിർവ്വഹിക്കുന്നത് കൃഷി ഓഫീസർമാർ തന്നെ ആയിരിക്കണം എന്നാൽ മൃഗസംരക്ഷണ പോലുള്ള ഘടകങ്ങൾ കൂടുതലായി വന്നാൽ അത് സാങ്കേതികമായി നടപ്പിലാക്കുന്നതിന് കൃഷി ഓഫീസർമാർക്ക് സാധിക്കാത്ത സാഹചര്യത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം വഴിയായി അനുയോജ്യമായ സംയോജിത കൃഷി ആസൂത്രണ രേഖ കൃഷി ഓഫീസർമാർ തയ്യാറാക്കേണ്ടതാണ്.

II. ഇക്കാര്യത്തിൽ കൃഷി ഡയറക്ടർ നൽകിയിട്ടുള്ള പരാമർശം 1 പരിപത്രത്തിലെ നിർദ്ദേശങ്ങൾ കൃഷി ഓഫീസർമാർ പാലിക്കേണ്ടതാണ്.

III. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സംയോജിത കൃഷി പ്രോജക്ടുകൾ ഉണ്ടെങ്കിൽ ഗുണഭോക്താക്കൾക്ക് ആസൂത്രണ രേഖ കൃഷി ഓഫീസർമാർ തയ്യാറാക്കണം ഇതിനായി അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥൻ ആവശ്യമായ സഹായം നൽകേണ്ടതാണ്.

IV. പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാനദണ്ഡം കർശനമായി പാലിക്കേണ്ടതാണ്.

- കാർഷിക അധിഷ്ഠിത ഘടകങ്ങളും കാർഷികേതര ഘടകങ്ങളും ഉൾപ്പെടുത്തി സംയോജിത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുമ്പോൾ കാർഷിക അധിഷ്ഠിത ഘടകങ്ങളുടെ ആകെ തുക കാർഷികേതര ഘടകങ്ങളെക്കാൾ അധികരിച്ച് നിൽക്കുകയാണെങ്കിൽ പദ്ധതിയുടെ നിർവ്വഹണ ചുമതല ആ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ വരുന്ന കൃഷി നിർവ്വഹണ ഉദ്യോഗസ്ഥനിലായിരിക്കും
- പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കാർഷികേതര ഘടകങ്ങളുടെ മൂല്യ നിർണയം നടത്തി കൃഷി നിർവഹണ ഉദ്യോഗസ്ഥന് നൽകേണ്ട ചുമതല അതാത് ഘടകങ്ങൾ ഉൾപ്പെടുന്ന കൃഷി അനുബന്ധ വകുപ്പിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരിക്കും.
- കാർഷിക ഘടകങ്ങളുടെ അടങ്കൽ തുക മറ്റ് ഘടകങ്ങളുടെ തുകയേക്കാൾ താരതമ്യേന കുറവ് ആണെങ്കിൽ കാർഷിക ഘടകങ്ങളുടെ മൂല്യനിർണയം കൃഷി നിർവഹണ ഉദ്യോഗസ്ഥൻ നടത്തി അനുബന്ധ വകുപ്പിലെ നിർവഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡീഷണൽ സെക്രട്ടറി

(സാധാ) നം.1049/2022/AGRI

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ/ ഫിഷറീസ് /മൃഗസംരക്ഷണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ/ ഫിഷറീസ് /മൃഗസംരക്ഷണ വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Vineeshkumar
Date: 26-11-2022 12:54:14

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ/ഫിഷറീസ്/ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ്/ഫിഷറീസ്/ മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്